നമ്പർ. എ4/ഇ- 21757/2017/റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 02/02/2018

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,

തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ജീവനക്കാര്യം — മോട്ടോർ വാഹന വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യൽ - നിർദ്ദേശം നൽകുന്നത് — സംബന്ധിച്ച്.

സൂചന :-

മോട്ടോർ വാഹന വകുപ്പിൽ വിവിധ തസ്തികകളിൽ ( പ്രവേശന കേഡറിൽ) ഉണ്ടാകുന്ന ഒഴിവുകൾ ബന്ധപ്പെട്ട നിയമനാധികാരികൾ, യഥാസമയം ആസ്ഥാന കാര്യാലയത്തിൽ അറിയിക്കാതിരിക്കുകയും ട്രാൻസ്പോർട്ട് കമ്മീഷണറുടെ അനുമതിയില്ലാതെ പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മാത്രമല്ല ട്രാൻസ്പോർട്ട് കമ്മീഷണറുടെ മുൻകൂർ അനുമതി ഇല്ലാതെ ടി ഒഴിവുകൾ പി.എസ്.സിയെ അറിയിക്കുന്നതുമൂലം ഈ കാര്യാലയത്തിൽ നിന്നും നൽകുന്ന സ്ഥലമാറ്റ ഉത്തരവുകൾ റദ്ദുചെയ്യേണ്ടതായ സാഹചര്യവും ഉണ്ടാകുന്നുണ്ട്. ഇത് ഭരണപരമായ അസൗകര്യങ്ങൾ സൃഷ്ടിക്കുന്നു. മേൽ വസ്തുതകൾ കണക്കിലെടുത്ത്, വിവിധ തസ്തികകളിൽ നിലവിൽ വരുന്ന ഒഴിവുകൾ ബന്ധപ്പെട്ട നിയമനാധികാരികൾ യഥാസമയം ആസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിന്റെ അറിവോടുകൂടി ടി ഒഴിവുകൾ താമസംവിനാ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

(ഒപ്പ്)

ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്

3.2.18

എകെ